# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 113** **04-02-2019 ൽ മറുപടിക്ക്**

### പട്ടയ വിതരണത്തിലെ പുരോഗതി

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.മുഹമ്മദ് മുഹസിൻ പി.
ശ്രീമതി സി.കെ. ആശ

(എ) സംസ്ഥാനത്തെ പട്ടയ വിതരണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാന ത്തൊട്ടാകെ വിവിധ ഇനങ്ങളിലായി 1,03,313 പട്ടയങ്ങളും 407 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. 868 പട്ടയങ്ങൾ ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പട്ടയവിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി ഇതുവരെ 40 പട്ടയമേളകളും പാലക്കാട് ജില്ലയിൽ ഒരു റവന്യൂ മേളയും സംഘടിപ്പിച്ച് പട്ടയം വിതരണം ചെയ്തിരുന്നു. വിതരണം ചെയ്തതും വിതരണം ചെയ്യാൻ തയ്യാറായിട്ടുള്ളതുമായ പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നം | ജില്ല | വിതരണം ചെയ്തത്/വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്ന പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1215 പട്ടയങ്ങളും 34 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. വർക്കല, ചിറയിൻകീഴ് നിയോജക മണ്ഡലങ്ങളിലെ 139 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| 2 | കൊല്ലം | 760 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 02.02.2019 ന് നടക്കുന്ന പട്ടയമേളയിൽ വിതരണത്തിനായി ഏകദേശം 358 പട്ടയങ്ങൾ തയ്യാറാക്കിയിട്ടുണ്ട് |

| | | |
|---|---|---|
| 3 | പത്തനംതിട്ട | 205 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 371 പട്ടയങ്ങൾ വിതരണത്തിനായി തയ്യാറായി വരുന്നു. |
| 4 | ആലപ്പുഴ | 785 പട്ടയങ്ങളും 50 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 5 | കോട്ടയം | 550 പട്ടയങ്ങളും 16 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 6 | ഇടുക്കി | 20419 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 7 | എറണാകുളം | 3812 പട്ടയങ്ങളും 3 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട് |
| 8 | തൃശ്ശൂർ | 30123 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 9 | പാലക്കാട് | 11648 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 10 | മലപ്പുറം | 16400 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 11 | കോഴിക്കോട് | 6717 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 12 | വയനാട് | 1151 പട്ടയങ്ങളും 304 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 12 | കണ്ണൂർ | 4024 ട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 14 | കാസറഗോഡ് | 5519 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

(ബി) വനഭൂമി കൈവശം വച്ചിരിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് കൈവശ രേഖയ്ക്ക് പകരം പട്ടയം നല്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വനഭൂമി കൈവശ വച്ചിരിക്കുന്ന പട്ടികവർഗക്കാർക്ക് കൈവശരേഖയ്ക്ക് പകരം പട്ടയം നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. 1993 ലെ കേരള ഭൂമി പതിവ് (01.01.1977) ന് മുമ്പ് വനഭൂമി കൈവശം വയ്ക്കുന്നവർക്കുള്ള നിയമാവകാശം നൽകൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം (എഫ്) ലെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഭൂമി കൈവശം വച്ചുവരുന്ന പട്ടികവർഗ്ഗക്കാർക്ക് ഇതിനകം അനുവദിച്ചിട്ടുള്ള കൈവശരേഖ റദ്ദ് ചെയ്ത് പട്ടയം അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പട്ടയ വിതരണക്കാര്യത്തിൽ മുൻ സർക്കാരിനെ അപേക്ഷിച്ച് ഈ സർക്കാർ വളരെയധികം മുന്നേറിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ ഇനങ്ങളിലായി ആകെ 134460 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഈ സർക്കാർ നാളിതുവരെ വിവിധ ഇനങ്ങളിലായി 1,03,313 പട്ടയങ്ങളും 407 കൈവശരേഖകളും വിതരണം ചെയ്തിട്ടുണ്ട്. ഉടൻ വിതരണം ചെയ്യുന്നതിന് 868 പട്ടയങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പട്ടയവിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 40 പട്ടയമേളകളും പാലക്കാട് ജില്ലയിൽ ഒരു റവന്യൂ മേളയും സംഘടിപ്പിച്ച് പട്ടയം വിതരണം ചെയ്തിട്ടുണ്ടായിരുന്നു. |
| (ഡി) | ലാന്റ് ട്രൈബ്യൂണലിലെ കേസുകൾ തീർപ്പാക്കുന്നതിൽ ഉണ്ടായ പുരോഗതിയും അതിനായി സ്വീകരിച്ച നടപടികളും വിശദമാക്കുമോ; | (ഡി) | 1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ 74-ാം വകുപ്പ് പ്രകാരം 01.01.1970 ന് ശേഷം കേരളത്തിൽ കുടിയായ്മ, കുടികിടപ്പ് ഉടങ്ങിയ എല്ലാ തരത്തിലുള്ള ജന്മി -കുടിയാൻ ബന്ധങ്ങളും നിരോധിച്ചിട്ടുണ്ട്. നിയമം നടപ്പിലാക്കി 55 വർഷം കഴിഞ്ഞിട്ടും ഇപ്പോഴും ഇത്തരത്തിലുള്ളവർ ഭൂമിക്ക് മേലുള്ള അവകാശത്തിനായി ലാന്റ് ട്രൈബ്യൂണലുകളിൽ കേസ് നൽകി കാത്തിരിക്കുന്നു. ഇത് പരിഹരിക്കുന്നതിനായി നിരവധി നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 200541 കേസുകളാണ് തീർപ്പാക്കാനായി ശേഷിച്ചിരുന്നത്. ഇതോടൊപ്പം ധാരാളം പുതിയ അപേക്ഷകളും ഈ കാലയളവിൽ വന്നിട്ടുണ്ട്. ലാന്റ് ട്രൈബ്യൂണൽ കേസുകൾ തീർപ്പാക്കുന്നതിനും അർഹരായവർക്ക് ക്രയസർട്ടിഫിക്കറ്റ് നൽകുന്നതിനുമായി നിരവധി ഭരണപരമായ നടപടികളും നിയമപരമായ സ്പഷ്ടീകരണങ്ങളും നിയമഭേദഗതികളും, ഉദ്യോഗസ്ഥർക്ക് പരിശീലനങ്ങളും നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി 2016-2018 കാലയളവിലെ രണ്ട് വർഷങ്ങൾക്കുള്ളിൽ 112001 കേസുകൾ തീർപ്പാക്കാനും 63617 കുടുംബങ്ങൾക്ക് ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങൾ അനുവദിക്കാനും കഴിഞ്ഞിട്ടുണ്ട്. മുൻവർഷങ്ങളിൽ 14000 മുതൽ 16500 കേസുകൾ തീർപ്പാക്കിയിരുന്ന സ്ഥാനത്താണ് 2 വർഷങ്ങൾക്കുള്ളിൽ ഈ ലക്ഷ്യം കൈവരിയ്ക്കാൻ കഴിഞ്ഞത്. |
| (ഇ) | തൃശ്ശൂർ ജില്ലയിലെ പട്ടയ വിതരണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; മുൻസർക്കാർ വിതരണം ചെയ്തതിനേക്കാൾ കൂടുതൽ പട്ടയം ഈ സർക്കാർ ഇതുവരെ വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ വിവിധ ഇനങ്ങളിലായി ആകെ 11109 പട്ടയങ്ങളും കാണം സെറ്റിൽമെന്റ് ഇനത്തിൽ 4872 കാണം കുടിയായ്മ നിറുത്തൽ ഉത്തരവുകളും വിതരണം ചെയ്തിട്ടുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 3 പട്ടയമേളകൾ ജില്ലാ തലത്തിൽ സംഘടിപ്പിച്ചിട്ടുള്ളതും വിവിധ ഇനങ്ങളിലായി ആകെ 30123 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**